**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 397

27.06.2013ൽ
മറുപടിക്ക്

**ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമിയുടെ പട്ടയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹിദ് :<br>ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ.ലൂഡി ലൂയിസ് : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമിയുടെ പട്ടയത്തിന് നിയമഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ : വിശദമാക്കുമോ ;

(ബി) നിയമഭേദഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(സി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

(എ), (ബി) & (സി) 31-05-2013 ലെ സ.ഉ.(എം.എസ്) നം.236/13/റവ. നമ്പർ ഉത്തരവു പ്രകാരം ഇടുക്കി ജില്ലയിലെ വൈദ്യുത പദ്ധതികൾക്ക് വേണ്ടി ഏറ്റെടുത്തതും പിന്നീട് ഉപേക്ഷിക്കപ്പെട്ടതുമായ 10 വില്ലേജുകളിലെ പതിനായിരത്തിൽപ്പരം ആളുകൾക്ക് കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കുടിയേറ്റക്കാരുടെ എണ്ണം അവരുടെ കൈവശ ഭൂമിയുടെ വിസ്തീർണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ 3 മാസങ്ങൾക്കുള്ളിൽ നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ജില്ലാ കളക്ടർ നൽകുന്ന വിശദാംശങ്ങൾക്കനുസൃതമായി കേരള ഭൂമിപതിവ് ചട്ടങ്ങളിലെ റൂൾ നമ്പർ 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പെരിങ്ങൽകുത്ത്. പുളിയിലപ്പാറ പ്രദേശത്ത് കുടിയേറി താമസിച്ചു വരുന്ന 116 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതു സംബന്ധിച്ച് വനം, ഊർജ്ജ വകുപ്പ് ഉദ്യോഗസ്ഥർ. തൃശ്ശൂർ ജില്ലാ കളക്ടർ ബന്ധപ്പെട്ടവർ എന്നിവരുമായി ഒരു കൂടിക്കാഴ്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ലാന്റ് റവന്യു കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**